# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2655** **17.10.2016-ൽ മറുപടിക്ക്**

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

**ചോദ്യം**

**ശ്രീ.ഒ.രാജഗോപാൽ**

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നടപടി ഏതുവരെയായെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)&(ബി)**

24/09/2013 ലെ ജി.ഒ(ആർ.ടി) 7725/2013/ജിഎഡി, 16/08/2014 ലെ ജി.ഒ(എം.എസ്) 228/2014/ജിഎഡി, 05/01/2015 ലെ ജി.ഒ(എം.എസ്) 1/2015/ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം ആഭ്യന്തര വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പുന:സംഘടനയ്ക്കായി 16/08/2016 ലെ ജി.ഒ(ആർ.ടി)322/2016/പി&എ.ആർ.ഡി ഉത്തരവുപ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം 30/08/2016 ൽ കൂടുകയും ഉണ്ടായി. ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായ സ്വരൂപണത്തിനായി 2016 ഒക്ടോബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചർച്ചകളുടെ മിനുട്സ് ലഭ്യമാക്കുമോ; | സി) | ഉണ്ട്. മിനുട്ട്സ് അനുബന്ധം A ആയി ചേർത്തിരിക്കുന്നു. |
| ഡി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി " ദി കേസ് ഫോർ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് " എന്ന പേരിൽ പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. ദൂഷ്യവശങ്ങളെക്കുറിച്ച് മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്